(4) സംസ്ഥാനത്തെ തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികളിലും എല്ലാ കോർപ്പറേഷനുകളിലും നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയുടെ ഭാഗമായി നടത്തുന്ന മൊബൈൽ ക്ലിനിക്കുകളിൽ 65-ന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് സൗജന്യ ചികിത്സ നൽകുന്നതിൽ ഭിന്നശേഷിയുള്ള മുതിർന്ന പൗരന്മാരും ഉൾപ്പെടുന്നുണ്ട്.

വികലാംഗക്ഷേമ പെൻഷൻ

213 (5567) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ വികലാംഗക്ഷേമ പെൻഷൻ കൈപ്പറ്റുന്ന എത്ര പേരുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) വികലാംഗക്ഷേമ പെൻഷൻ കൈപ്പറ്റുന്ന എത്ര പേർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) നിലവിൽ 312300 വികലാംഗ പെൻഷൻ ഗുണഭോക്താക്കളുണ്ട്. ഇവരിൽ 257723 പേർക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ട്.

മുതുവല്ലൂർ, പുളിക്കൽ അങ്കണവാടികൾക്ക് കെട്ടിടം

215 (5569) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുതുവല്ലൂർ (നമ്പർ 100), പുളിക്കൽ (നമ്പർ 5) എന്നീ അംഗൻവാടികൾക്ക് 4235-02-96(പി) എന്ന ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും, ടെണ്ടർ നടപടികളും പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) സാമൂഹ്യനീതി ജില്ലാ പ്രോഗ്രാം ഓഫീസർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ :

(സി) എന്നത്തേക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly